പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 124 30.9.2011 മറുപടിയ്ക്ക്

## കോഴി മുട്ടയുടെ ഉൽപാദനം

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എസ്.രാജേന്ദ്രൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മുട്ടയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ പുതിയ പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ ; | എ) | ഉണ്ട്.<br>വിശദീകരണം അനുബന്ധം 1 ൽ കണ്ടാലും. |
| ബി) സംസ്ഥാനത്ത് മുട്ടയുടെ ആവശ്യവും ഉല്പാദനവും തമ്മിലുള്ള അന്തരം വിശദമാക്കുമോ; | ബി) | 2011 സെൻസസ് പ്രകാരം സംസ്ഥാനത്തെ ജനസംഖ്യ 3.33 കോടിയാണെന്നു കണക്കാക്കുന്നു. ഇതിൽ 85% ജനങ്ങൾ മുട്ട ഉപയോഗിക്കുന്നതായി കണക്കാക്കുന്നു. ഐ.സി.എം.ആർ-ന്റെ ശുപാർശ പ്രകാരം കുട്ടികൾ വർഷത്തിൽ 90 മുട്ടയും മുതിർന്നവർ വർഷത്തിൽ 180 മുട്ടയും ഭക്ഷിക്കേണ്ടതുണ്ടെന്ന് കണക്കാക്കുന്നു. ഇപ്രകാരം കണക്കാക്കുമ്പോൾ സംസ്ഥാനത്ത് 484.2 കോടി മുട്ടയുടെ ആവശ്യമാണുള്ളത്. 2010-11 -ൽ കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം 167.18 കോടിയാണ്. അതിനാൽ ആവശ്യവും ഉൽപാദനവും തമ്മിൽ 317.02 കോടി മുട്ടയുടെ അന്തരമുണ്ട്. |
| സി) കോഴിത്തീറ്റയുടെ വിലയിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധന, മുട്ട ഉല്പാദനരംഗത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

മുട്ട ഉല്പാദനം വർദ്ധിപ്പിക്കാൻ ഈ വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1)ഈ സാമ്പത്തിക വർഷം കോഴി, താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പദ്ധതിയിനത്തിൽ 16.15 കോടി രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്. ഈ ഫണ്ട് വിനിയോഗിച്ച് വകുപ്പിന്റെ കീഴിലുള്ള കോഴിവളർത്തൽ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ മാതൃ-പിതൃ ശേഖരത്തെ വളർത്തുന്നു. കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ ഉദ്പാദിപ്പിക്കുന്നു. ഇവയെ കർഷകർക്ക് വിവിധ പദ്ധതികളുടെ ഭാഗമായി വിതരണം ചെയ്യുന്നു.

2)ഒറ്റത്തവണ അധിക കേന്ദ്ര സഹായ പദ്ധതിയിലൂടെ മുട്ട, പാൽ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് 10 കോടി രൂപ ചെലവഴിച്ച് 3,996 കർഷകർക്ക് ഒരു പശു, 2 ആട്, 10 കോഴി എന്നിവ നൽകുന്ന പദ്ധതി പ്രകാരം 39960 കോഴികളെ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതാണ്.

3) ഗ്രാമീണ പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതിയ്ക്കായി കേന്ദ്ര ധനസഹായത്തിന് വേണ്ടി വകുപ്പ് മുഖേന 13.05 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 2011-12 കാലയളവിൽ ആദ്യ ബഡ്ജറ്റിൽ 1 കോടി രൂപയാണ് നീക്കി വച്ചിരുന്നത്. എന്നാൽ പുതുക്കിയ ബഡ്ജറ്റിൽ ഈ തുക 9 കോടിയായി ഉയർത്തുകയുണ്ടായി.

4)മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് വേണ്ടി ചാത്തമംഗലം, കോലാനി എന്നീ കോഴിവളർത്തൽ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും, വിതുര ജഴ്സി ഫാമിൽ കോഴി ഫാം യൂണിറ്റ് സ്ഥാപിക്കുന്നതിനും പദ്ധതികൾ കേന്ദ്ര സഹായത്തിന് വേണ്ടി സമർപ്പിച്ചിട്ടുണ്ട്.

5) വടക്കൻ കേരളത്തിൽ താറാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, താറാവ് കുഞ്ഞുങ്ങളെ കർഷകർക്ക് ലഭ്യമാക്കുന്നതിനും കൊമേരി ആടുവളർത്തൽ ഫാം കേന്ദ്രീകരിച്ച് ഒരു താറാവ് വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആർ.കെ.വി.വൈ പദ്ധതിയിൽ ഇതിനാവശ്യമായി 60.5 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി.

6.)കേരള പൗൾട്രി വികസന കോർപ്പറേഷന് ഭക്ഷ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപ അനുവദിക്കുകയും ഇതിലൂടെ കണ്ണൂർ ,കോഴിക്കോട് ജില്ലകളിലുള്ള 22 പഞ്ചായത്തുകളിൽ 3 കോഴി വീതം 55,000 കർഷകർക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ